ചെയ്തു് എല്ലാ മാസവും ആദ്യ പ്രവർത്തി ദിവസം തന്നെ മണിയോർഡർ പെൻഷൻ കിട്ടുമെന്നു് ഉറപ്പു വരുത്തി കൊണ്ടുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ടു്.

നാളികേരത്തിനു് താങ്ങുവില

* 149 [152] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിനു് താങ്ങുവില നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഈ വർഷം കേരളാ കോ-ഓപ്പറേറ്റീവു് മാർക്കറ്റിംഗു് ഫെഡറേഷൻ മുഖാന്തിരം എത്രടൺ കൊപ്ര സംഭരിച്ചു ; അതിനു് എന്തു തുക ചെലവായി ;

(ഡി) നാളികേരം നാണ്യവിളയായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഇല്ല എന്നാൽ കേന്ദ്രസർക്കാരിനു് സമർപ്പിച്ച താങ്ങുവില പദ്ധതി അംഗീകരിക്കുകയും സംഭരണവില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) 1200 രൂപ സംഭരണവില.

(സി) ഈ വർഷം 21000 ടൺ കൊപ്ര സംഭരിച്ചു. അതിനു് 27½ കോടി രൂപ ചെലവായി.

(ഡി) ഇല്ല.

(ഇ) എണ്ണക്കുരുവായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതു് കേന്ദ്രഗവൺമെന്റാണു്. ഈ ആവശ്യം മുൻനിറുത്തി സംസ്ഥാന ഗവൺമെന്റു് കേന്ദ്രഗവൺമെന്റിനു്, സമഗ്രമായ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ടു്. ഇപ്പോഴും ഇതു് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണു്.

തെങ്ങുരോഗത്തെപ്പറ്റിയുള്ള ഗവേഷണങ്ങൾ

* 150 [153] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്കു് പ്രതിവിധി കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണ പരീക്ഷണങ്ങൾ കൃഷിവകുപ്പിന്റേയും കാർഷിക സർവ്വകലാശാലയുടെയും കീഴിൽ നടക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്രകാലമായി നടക്കുന്നുവെന്നു വെളിപ്പെടുത്തുമോ ;

(സി) തെങ്ങുരോഗത്തിനു് എന്തെങ്കിലും പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) കൃഷി വകുപ്പിന്റെ കീഴിൽ ഇല്ല, കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കുമരകത്തും വെള്ളാനിക്കരയും കായംകുളം കാമ്പസിലും 1981 മുതൽ നടക്കുന്നു.

(സി) വ്യാപകമായി കാണുന്ന ഓലചീയൽ രോഗത്തിന് ഫലപ്രദമായ പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ട്. വേരുചീയൽ (കാറുവീഴ്ച) രോഗത്തിന് പ്രതിവിധി കണ്ടുപിടിക്കാനുള്ള ഗവേഷണശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്.

(ഡി) ഓലചീയൽ രോഗത്തെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ 0.5 ശതമാനം വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡോ ആണ്ടിൽ രണ്ടുപ്രാവശ്യം തളിക്കുന്നതുകൊണ്ട് നിയന്ത്രിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. കാറുവീഴ്ച (വേരുചീയൽ) എന്ന രോഗം മൈക്കോപ്ലാസ്മപോലുള്ള ഒരു സൂഷ്മാണുവിന്റെ ആക്രമണംമൂലമാണുണ്ടാകുന്നതെന്ന്, ഇതുവരെയുള്ള ഗവേഷണത്തിൽനിന്നും അനുമാനിക്കുന്നു. ഈ രോഗം നിയന്ത്രിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഗവേഷണത്തിലിരിക്കുന്നതേയുള്ളു.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

നിത്യോപയോഗ സാധനങ്ങളുടെ വില

560 [66] ശ്രീ. കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ജൂണിലേയും, 1986 സെപ്റ്റംബറിലേയും സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലവിവരം വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ ഉപഭോക്തൃ പദാർത്ഥങ്ങളുടെ വിലയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണ് ?

ഉത്തരം

(എ) 1982 ജൂണിലേയും 1986 സെപ്റ്റംബറിലേയും ശരാശരി വിലവിവരം അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 43 ശതമാനം.

ഓണക്കാലത്തെ സൗജന്യറേഷന് ലഭിച്ച കേന്ദ്രസഹായം

561 [767] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈയിസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്ത് സൗജന്യറേഷൻ നൽകിയ വകയിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം വല്ലതും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly